## നാരായണമേനോൻ, വള്ളത്തോൾ (1878 – 1958)

മലയാള മഹാകവി. ആധുനിക കവിത്രയത്തിൽ ഒരാൾ. ആധുനിക മലയാളകവിതയിലെ യുഗസ്രഷ്ടാക്കളിൽ ഒരാളായ ഇദ്ദേഹമാണ് കേരളകലാമണ്ഡലം സ്ഥാപിച്ചത്. 1878 ഒ. 16-ന് മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലെ മംഗലം അംശത്തിൽ വള്ളത്തോൾ കോഴിപ്പറമ്പിൽ കുട്ടിപ്പാറു അമ്മയുടെയും കടങ്ങോട്ടു മല്ലിശ്ശേരി ദാമോദരൻ ഇളയതിന്റെയും മകനായി ജനിച്ചു. കുട്ടൻ എന്നായിരുന്നു വിളിപ്പേര്. മാതുലനായ രാവുണ്ണിമേനോനിൽ നിന്ന് സംസ്കൃതവും ആയുർവേദവും കൈക്കുളങ്ങര രാമവാര്യരിൽനിന്നും സുബ്രഹ്മണ്യശാസ്ത്രിയിൽ നിന്നും തർക്കശാസ്ത്രവും അഭ്യസിച്ചു. പുന്നശ്ശേരി നീലകണ്ഠശർമയുമായുള്ള സൗഹൃദത്തിലൂടെ ഒട്ടനേകം കവിപ്രമുഖരെ പരിചയപ്പെടാനിടയായി. കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ, നടുവത്ത് അച്ഛനും മകനും, കൂനേഴത്തു പരമേശ്വരമേനോൻ മുതലായ കവികളുമായുള്ള സൗഹൃദവും ജന്മസിദ്ധമായ കവിത്വവാസനയും വള്ളത്തോളിനെ പുതിയൊരു കാവ്യലോകത്തേക്കു നയിച്ചു. കവിതയോടെന്നപോലെ കഥകളിയോടും വലിയ കമ്പമായിരുന്നു, ശ്ലോകങ്ങളായിരുന്നു എഴുതിത്തുടങ്ങിയത്. 1894-ൽ ഭാഷാപോഷിണിസഭ സംഘടിപ്പിച്ച കവിതാമത്സരത്തിൽ ഒന്നാം സ്ഥാനം നേടി. തുടർന്ന് ആനുകാലികങ്ങളിൽ നിരന്തരം കവിതകളെഴുതി.

21-ാം വയസ്സിലാണ് ഇദ്ദേഹം ഋതുവിലാസം (1900) എഴുതിയത്. കാളിദാസന്റെ കാവ്യശൈലിയോടുള്ള വിധേയത്വം ഇതിൽ തെളിഞ്ഞുകാണാം. സംസ്കൃത കവികൾ ഉപയോഗിച്ചുവന്നിരുന്ന വൈദർഭീരീതിയാണ് *ചിത്രയോഗം* എന്ന കാവ്യത്തിൽ സ്വീകരിച്ചിരിക്കുന്നത്. ശയ്യാഗുണത്തിന്റെ മികവും ഗംഭീരമായ അലങ്കാരകല്പനകളും വള്ളത്തോളിന്റെ ആദ്യകാല രചനകളിലും പ്രകടമായിരുന്നു. വള്ളത്തോൾ ഗോപാലമേനോൻ, കുറ്റിപ്പുറത്ത് കിട്ടുണ്ണിനായർ, കേശവൻ നായർ എന്നിവർക്കൊപ്പം 'പകർന്നെഴുതിയ' *പഞ്ചതന്ത്രം മണിപ്രവാളകാവ്യം* ശ്രദ്ധിക്കപ്പെട്ടതോടെ 'വള്ളത്തോൾ കമ്പനി' എന്ന പ്രയോഗം മലയാളസാഹിത്യരംഗത്ത് പ്രചാരത്തിലായി. ആയുർവേദം നന്നായി മനസ്സിലാക്കിയിരുന്ന വള്ളത്തോൾ, കണ്ണുചികിത്സയെ ആസ്പദമാക്കി *നേത്രാമൃതം* എന്ന ചെറിയ കൃതി രചിക്കുകയുണ്ടായി. *ഉന്മത്തരാഘവം* എന്ന സംസ്കൃതകാവ്യം വിവർത്തനം ചെയ്തത് നാലുദിവസം കൊണ്ടാണ്. 27-ാം വയസ്സിൽ (1905-ൽ) തൃശ്ശൂരിലെ 'കേരളകല്പദ്രുമം' പ്രസ്സിൽ മാനേജരായി നിയമിക്കപ്പെട്ടതോടെ വള്ളത്തോളിന്റെ സാഹിത്യവീക്ഷണവും സാഹിത്യബന്ധങ്ങളും കൂടുതൽ വിശാലമായി. 1906-ൽ 'രസികരഞ്ജിനി'ക്കുവേണ്ടി *തപതീസംവരണം* വഞ്ചിപ്പാട്ടായി ഇദ്ദേഹം എഴുതി. 1907-ൽ ആരംഭിച്ച *രാമാനുജൻ* മാസികയുടെ ചുമതല വള്ളത്തോൾ ഏറ്റെടുത്തെങ്കിലും അത് തുടർന്നു നടത്താനായില്ല. ചമ്പൂശ്ലോകരചനയിലും സമർഥനായ വള്ളത്തോൾ, പ്രാചീന ഭാരതീയകാവ്യ സംസ്കാരത്തെ അകമഴിഞ്ഞ് ആരാധിച്ചിരുന്നു. *കേരളകല്പദ്രുമ*ത്തിൽ പ്രവർത്തിക്കുന്ന കാലത്ത്, ഏതാണ്ട് 700 ദിവസംകൊണ്ട് *വാല്മീകി രാമായണം* മുഴുവൻ ഇദ്ദേഹം വിവർത്തനം ചെയ്തു. 1909-ൽ 31-ാം വയസ്സിൽ ആകസ്മികമായി ബാധിച്ച കർണരോഗം മഹാകവിയെ ബധിരനാക്കിമാറ്റി. നിരന്തരമായ ചികിത്സകളും ഉപാസനകളും നടത്തിയെങ്കിലും ഫലമുണ്ടായില്ല. നിരാശയും വേദനയും നിറഞ്ഞുനിന്ന ആ കാലഘട്ടത്തിൽ എഴുതിയതാണ് *ബധിരവിലാപം.* എങ്കിലും ആത്മവിശ്വാസം കൈവിടാതെ കൂടുതൽ പ്രവർത്തനനിരതനായ വള്ളത്തോൾ പിന്നീടെഴുതിയത് *വിലാസലതിക* എന്ന ശൃംഗാരകാവ്യമാണ്. 1913-ൽ രചിച്ച *ചിത്രയോഗം* എന്ന മഹാകാവ്യം പരമ്പരാഗതമായ കാവ്യാഭിരുചിയിൽ നിന്നാണ് ആവിഷ്കൃതമായത്.

ഭാരതീയ പാരമ്പര്യത്തിലും പുരാണകഥാകഥന സമ്പ്രദായത്തിലും ഊറ്റം കൊണ്ടിരുന്ന വള്ളത്തോൾ പുരാണങ്ങളിൽ നിന്നുതന്നെയാണ് പലപ്പോഴും തന്റെ കാവ്യവിഷയങ്ങളെയും കഥാപാത്രങ്ങളെയും കണ്ടെത്തിയിരുന്നത്. പാരമ്പര്യകാവ്യബോധത്തിന്റെ രൂപാത്മകലാവണ്യവും ആധുനിക കവിതാശൈലിയുടെ ഭാവാത്മകതയും സമന്വയിപ്പിച്ചുകൊണ്ട് കവിത രചിക്കാനാണ് വള്ളത്തോൾ ശ്രമിച്ചത്. നാടകീയമായ കാവ്യഭംഗിയാണ് വള്ളത്തോൾ കവിതകളെ ജനകീയമാക്കിത്തീർത്തത്. *ചിത്രയോഗ*ത്തിന് മുമ്പ് *ദണ്ഡകാരണ്യം* (1910) *ഗണപതി* (1913) എന്നീ ഖണ്ഡകാവ്യങ്ങൾ ഇദ്ദേഹം രചിച്ചുവെങ്കിലും കാല്പനികതയുടെ പുതുലാവണ്യം

ആസ്വാദകരിലേക്കെത്തിച്ച കൃതി *ബന്ധനസ്ഥനായ അനിരുദ്ധനാണ്*. പ്രാസഭംഗിയിൽ വലിയ താത്പര്യം കാണിച്ചിരുന്ന വള്ളത്തോൾ, പ്രസ്തുതകൃതിയെ ഭാവസൗന്ദര്യത്തിന്റെ ഒരു മികച്ച കാവ്യമാതൃകയാക്കി മാറ്റുകയാണുണ്ടായത്.

ആർഷപൗരാണികതയും കാല്പനികഭാവങ്ങളും ഉറഞ്ഞുകൂടിയ വിശ്വാസ സംഹിതയായിരുന്നു വള്ളത്തോളിന്, കവിത. കമലാലയ ബുക്ക് ഡിപ്പോ ആവശ്യപ്പെട്ടതനുസരിച്ച് പതിനെട്ട് പുരാണങ്ങളിൽ ചിലത് 1915 –17 കാലയളവിൽ വള്ളത്തോൾ വിവർത്തനം ചെയ്യുകയുണ്ടായി. പഴമയെ പുതിയ ഭാവസൗന്ദര്യത്തിലേക്ക് ആസ്വാദ്യമായി പരാവർത്തനം ചെയ്യാൻ ഇദ്ദേഹത്തിനു കഴിഞ്ഞു. നിയോക്ലാസ്സിക് പാരമ്പര്യത്തിൽ അടിയുറച്ചുനിന്നുകൊണ്ട് കാവ്യരചന നടത്തിയിരുന്ന വള്ളത്തോൾ ചുവട് മാറ്റുന്നത് *ബന്ധനസ്ഥനായ അനിരുദ്ധൻ* എന്ന കൃതിയോടെയാണ്. കാല്പനികതയിലേക്കുള്ള വ്യതിയാനമായിരുന്നു അത്.

സമൂഹത്തിലെ സാമ്പത്തികമായ ഉച്ചനീചത്വങ്ങളെക്കുറിച്ച് ഏറ്റവും ആദ്യം തിരിച്ചറിഞ്ഞ കവിയും വള്ളത്തോൾ തന്നെയാണ്. പുതിയ മാനവികതയുടെ വെളിച്ചം റഷ്യൻ വിപ്ലവത്തിന്റെ പ്രതിഫലനമായി ലോകമെങ്ങും പടർന്നുകൊണ്ടിരിക്കുന്ന കാലത്ത്, അതിന് കൂടുതൽ പ്രചാരം നല്കാൻ വള്ളത്തോളിനെപ്പോലെയുള്ള കവികൾ ശ്രമിച്ചു. 'കാറുകണ്ട കർഷകൻ', 'നാളെ', 'മാപ്പ്' തുടങ്ങിയ വിപ്ലവകവിതകളിൽ ജീവിതാവബോധത്തിന്റെ പുതിയ ദിശാസൂചികളാണ് തെളിയുന്നത്. സർവമത സാഹോദര്യത്തിന്റെ കാവ്യചേതനയാണ് മഹാകവിയിൽ തുടിച്ചുനിന്നത്. 1921-ൽ പുറത്തിറക്കിയ *മഗ്ദലനമറിയം* എന്ന കാവ്യം മതവിശ്വാസികളുടെയും കാവ്യാസ്വാദകരുടെയും ശ്രദ്ധപിടിച്ചുപറ്റി. 1927-ൽ പ്രസിദ്ധീകരിച്ച *കൊച്ചുസീത*, 1936-ൽ രചിച്ച *അച്ഛനും മകളും* എന്നീ നാടക കാവ്യങ്ങളും പുതുമകൊണ്ടും കാല്പനികശൈലി കൊണ്ടും വ്യത്യസ്തമാണ്. വള്ളത്തോൾ കവിതയുടെ സമുച്ചയമായ *സാഹിത്യമഞ്ജരി* മലയാള സാഹിത്യത്തിന്റെ ഒരു കാലഘട്ടത്തിലെ ഊർജവും പ്രഭാവവും പേറി നില്ക്കുന്നു.

വിവർത്തനസാഹിത്യത്തിന് വള്ളത്തോൾ നല്കിയ സംഭാവനകൾ അദ്വിതീയമാണ്. ഋഗ്വേദസംഹിത, അഭിജ്ഞാന ശാകുന്തളം, സ്വപ്നവാസവദത്തം, *ഗ്രാമസൗഭാഗ്യം, രുക്മിണീഹരണം, പദ്മദളം* തുടങ്ങിയ മൊഴിമാറ്റങ്ങൾ, അതിന്റെ ഭാവാത്മകത ഒട്ടും ചോർന്നുപോകാതെയാണ് മഹാകവി മലയാളത്തിലാക്കിയത്. വെറും രണ്ടരവർഷം കൊണ്ടാണ് *ഋഗ്വേദസംഹിത*യിലെ 1017 സൂക്തങ്ങൾ ഇദ്ദേഹം വിവർത്തനം ചെയ്തത്.

മലയാളത്തിലെ ടെന്നിസൻ എന്നാണ് വള്ളത്തോളിനെ ഡോ. കെ.എൻ. എഴുത്തച്ഛൻ വിശേഷിപ്പിക്കുന്നത്. ശില്പഭംഗി, ലാളിത്യം, സംഗീതാത്മകത, ഭാവാത്മകത, പഴമയോടുള്ള പ്രതിപത്തി, മതബോധം മുതലായവയുടെ കാര്യത്തിൽ ടെന്നിസനെ പോലെയത്രെ വള്ളത്തോൾ. ക്ലാസ്സിസത്തിന്റെ മണ്ണിലാണ് വള്ളത്തോൾ കാലൂന്നിയത്. വേദങ്ങളും പുരാണങ്ങളും മലയാളകാവ്യഘടകത്തിലേക്ക് ഇദ്ദേഹം കൊണ്ടുവന്നു. അഗാധമായ ധാർമികബോധവും ആർഷമായ കാവ്യഭാവനയുമാണ് മഹാകവിയെ മുന്നോട്ടു നയിച്ചിരുന്നത്. അന്ത്യകാലം വരെയും സംസ്കൃത ക്ലാസ്സിക്കുകൾക്ക് മലയാളരൂപം നല്കാൻ വള്ളത്തോൾ പരിശ്രമിച്ചുകൊണ്ടിരുന്നു. ഏതു വിഷയത്തെയും അയത്നലളിതമായും നാടകീയഭാവത്തിലും അവതരിപ്പിക്കാനുള്ള അഭ്യാസപാടവം ഇദ്ദേഹത്തിന്റെ കൈമുതലായിരുന്നുവെന്ന് പറയാം. രചനയിലുള്ള കൗതുകകരമായ മിനുക്കുപണികളും കറകളഞ്ഞ സൗകുമാര്യവുമാണ് വള്ളത്തോൾ കവിതയ്ക്കുള്ള ഗുണവൈശിഷ്ട്യമെന്ന് സർദാർ കെ.എം. പണിക്കർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കാലത്തിന്റെ ദ്രുതഗതിയിലുള്ള മാറ്റങ്ങൾ തിരിച്ചറിഞ്ഞു പ്രതികരിക്കാൻ തുടങ്ങിയിടത്താണ് വള്ളത്തോളിലെ കാവ്യപ്രതിഭ പുതുമാനങ്ങൾ കൈവരിച്ചുതുടങ്ങിയത്.

വള്ളത്തോളിന്റെ കാവ്യജീവിതത്തെ നിർണായകമായി സ്വാധീനിച്ച രണ്ടു ഘടകങ്ങളായിരുന്നു ഗാന്ധിജിയുടെ ജീവിതവും ഇന്ത്യൻ സ്വാതന്ത്ര്യസമരവും. വൈക്കം സത്യാഗ്രഹത്തിനിടെ ഗാന്ധിജിയെ നേരിട്ട് കാണാനിടയായതോടെ വള്ളത്തോൾ അദ്ദേഹത്തിന്റെ ആരാധകനായിത്തീർന്നു. ആ ആരാധനയിൽ നിന്നു പിറന്നതാണ് *എന്റെ ഗുരുനാഥൻ* എന്ന കവിത. മലയാളത്തിലെ ദേശഭക്തിപരമായ കവിതയിൽ അഗ്രിമസ്ഥാനം പുലർത്തുന്ന 'ഭാരതമെന്നപേർ കേട്ടാൽ...' എഴുതിയതും വള്ളത്തോൾ തന്നെ.

ഒരു മലയാളകവി എന്നതിനെക്കാൾ, വള്ളത്തോൾ മലയാളികൾക്കിടയിൽ നിത്യസ്മരണീയനാകുന്നത് 'കലാമണ്ഡല'ത്തിന്റെ സ്ഥാപനത്തോടെയാണ്. നാശം സംഭവിച്ചുകൊണ്ടിരുന്ന കേരളീയ പാരമ്പര്യകലകളെ പുതിയ അസ്തിവാരത്തിൽ പ്രതിഷ്ഠിക്കാനും പുനരുജ്ജീവനം നല്കാനും മഹാകവി ആത്മാർഥമായി ശ്രമിച്ചു. പാരമ്പര്യകലയായ കഥകളിക്ക് ലോകവ്യാപകമായ അംഗീകാരം കിട്ടിയത് കലാമണ്ഡലത്തിന്റെ വരവോടെയാണ്. കഥകളിയുടെ നിലനില്പിനുവേണ്ടി കേരളം മുഴുവൻ അലഞ്ഞുനടന്ന് കഥകളിയോഗക്കാരെ സംഘടിപ്പിക്കാനും മൂലധനം സ്വരൂപിക്കാനും വള്ളത്തോളിന് കഴിഞ്ഞു. അങ്ങനെ കിട്ടിയ തുച്ഛമായ മൂലധനംകൊണ്ട് 1931-ൽ തൃശൂർ ചെറുതുരുത്തിയിൽ ഇദ്ദേഹം കേരളകലാമണ്ഡലം സ്ഥാപിച്ചു. മണക്കുളം രാജവംശവും മുകുന്ദരാജാവുമെല്ലാം വള്ളത്തോളിന്റെ ഉദ്യമങ്ങൾക്ക് അകമഴിഞ്ഞ പിന്തുണ നല്കിയിരുന്നു.

'ലോകമേ തറവാട്, ത്യാഗമെന്നതേ നേട്ടം, താഴ്മതാനഭ്യുന്നതി' തുടങ്ങിയ മൂല്യങ്ങളുടെ വിശ്വാസശക്തിയായിരുന്നു മഹാകവിയുടെ ജീവിതം. കാലത്തോട് വിവേകപൂർവം പ്രതികരിക്കാനും തന്റെ കാവ്യാനുശീലനത്തിൽ തദനുസൃതമായ മാറ്റം വരുത്താനും വള്ളത്തോൾ സദാജാഗരൂകനായിരുന്നു. കേരളവർമവലിയകോയിത്തമ്പുരാന്റെ ക്ലാസ്സിക് യുഗത്തിൽ കവിതയെഴുതിത്തുടങ്ങിയ ഇദ്ദേഹത്തിന് നവകാല്പനികതയുടെയും പുരോഗമനസാഹിത്യത്തിന്റെയും വക്താവാകാനും കഴിഞ്ഞു. പ്രൊഫ. എം. ലീലാവതി ചൂണ്ടിക്കാണിക്കുന്നതുപോലെ കാഞ്ചനക്കൂടിന്റെ അഴികൾകൊത്തി മുറിച്ച പഞ്ചവർണക്കിളിയായിരുന്നു വള്ളത്തോൾ. മാറിമാറിവരുന്ന കാവ്യഭാവുകത്വങ്ങൾക്കനുസരിച്ച് താളം ചവിട്ടിനിന്ന കവിയാണ് വള്ളത്തോൾ എന്ന മുണ്ടശ്ശേരിയുടെ വിമർശനവും ശ്രദ്ധേയമാണ്. നിയോക്ലാസ്സിസത്തിന്റെ പേരിലാണ് വള്ളത്തോൾ ഏറെയും വിമർശിക്കപ്പെട്ടിട്ടുള്ളത്. ചമ്പുകവിതയിൽ നിന്ന് ചലനാത്മകമായ ആധുനിക കാവ്യസങ്കേതങ്ങളിലേക്ക് സാകൂതം നടന്നുകയറിയ വള്ളത്തോളിന് കലയും കവിതയുമായിരുന്നു ജീവിതം. *കിളിക്കൊഞ്ചൽ, ശിഷ്യനും മകനും, എന്റെ ഗുരുനാഥൻ, മാതൃവന്ദനം* തുടങ്ങിയ കവിതകൾ അതിപ്രശസ്തങ്ങളാണ്.

ബ്രിട്ടീഷ് രാജകുമാരൻ നല്കിയ പട്ടും വളയും നിരസിക്കാനുള്ള ധീരതകാട്ടിയ കവി കൂടിയായിരുന്നു ഇദ്ദേഹം. കഥകളിയുമായി ഇന്ത്യയിലെങ്ങും. മാത്രമല്ല, മലേഷ്യ, മ്യാന്മാർ, പോളണ്ട്, ഇറ്റലി, ഫ്രാൻസ്, റഷ്യ, ചൈന എന്നിവിടങ്ങളിലും സന്ദർശിച്ചിട്ടുണ്ട്. 1948-ൽ മദ്രാസ് സർക്കാർ ഇദ്ദേഹത്തെ ആസ്ഥാനകവിയായി പ്രഖ്യാപിച്ചു. അഞ്ചുവർഷക്കാലം ആ പദവിയിൽ തുടർന്നു. സമസ്തകേരള പരിഷത് അധ്യക്ഷസ്ഥാനവും (1946-56) കേരളസാഹിത്യ അക്കാദമി ഉപാധ്യക്ഷസ്ഥാനവും വഹിച്ചിട്ടുണ്ട്. 1955-ൽ രാഷ്ട്രം ഇദ്ദേഹത്തിന് പദ്മഭൂഷൺ ബഹുമതി നല്കി. 1958 മാ. 13-ന് മഹാകവി അന്തരിച്ചു.

(സുരേഷ്. എം; സ.പ.)